മൂന്നാറിൽ ടാറ്റയിൽനിന്ന് ഭൂമി നിക്ഷിപ്തമാക്കിക്കൊണ്ട് ഓർഡിനൻസ്

98 (1568) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിനോദസഞ്ചാര വികസനത്തിനായി ഇടുക്കി ജില്ലയിലെ മൂന്നാറിൽ ടാറ്റായിൽനിന്ന് ഭൂമി സർക്കാരിലേക്ക് നിക്ഷിപ്തമാക്കിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഇതനുസരിച്ച് എത്ര ഭൂമി സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട് ;

(ബി) ഈ ഓർഡിനൻസ് കാലാവധി കഴിഞ്ഞിട്ടും വീണ്ടും പുറപ്പെടുവിക്കാത്തതും ഇത് നിയമസഭയിൽ കൊണ്ടുവന്ന് നിയമം ആക്കാത്തതും എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഓർഡിനൻസ്വഴി സർക്കാരിൽ നിക്ഷിപ്തമായ ഭൂമി ഇപ്പോൾ ഏത് വകുപ്പിന്റെ കീഴിലാണ് ;

(ഡി) ഈ ഭൂമിയിൽ സർക്കാർ ഇപ്പോൾ എന്തെല്ലാം വിനോദസഞ്ചാര വികസന പദ്ധതികളാണ് നടപ്പാക്കിവരുന്നത് ?

ഉത്തരം

(എ) ടൂറിസം വകുപ്പ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദവിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി

99 (1569) ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന ചരിത്ര സ്മാരകങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും ക്ഷേത്രങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതിയുടെ ഭാഗമായി റോഡുകളും ജലപാതകളും ബോട്ടുജെട്ടികളും നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പദ്ധതി നടത്തിപ്പിൽ ഏതെല്ലാം വകുപ്പുകളാണ് സഹകരിക്കുന്നത്. ഒന്നാംഘട്ടം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിക്കായി 182 കോടി രൂപയുടെ (നൂറ്റി എൺപത്തിരണ്ടു കോടി രൂപ) പദ്ധതി തയ്യാറാക്കി കേന്ദ്ര സഹായത്തിനായി സമർപ്പിക്കുകയും കേന്ദ്ര സഹായമായി 40.52 കോടി രൂപ (നാൽപതു കോടി അൻപത്തിരണ്ടു ലക്ഷം) അനുവദിക്കുകയും ചെയ്തു. പദ്ധതിക്കായി കൊടുങ്ങല്ലൂർ ആസ്ഥാനമായി ഓഫീസ് തുറക്കുകയും സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും പൈതൃക മേഖലയിൽ നടക്കുന്ന എല്ലാ നവീകരണ പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് കൺസർവേഷൻ കൺസൾട്ടന്റിനെ നിയോഗിക്കുകയും ചെയ്തു. പാലിയം പാലസ്, പാലിയം നാലുകെട്ട്, പറവൂർ സിനഗോഗ്, കോട്ടപ്പുറം ചന്ത, കോട്ടപ്പുറം കോട്ട എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും മ്യൂസിയങ്ങളുടെ നിർമ്മാണവും നടന്നുവരുന്നു. ഇതുകൂടാതെ പദ്ധതിയുടെ ഭാഗമായി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കോളേജിൽ ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പ്രവർത്തനവും നടന്നുവരുന്നു.

(ബി) കോട്ടപ്പുറം കോട്ട, പരവൂർ ജൂതപ്പള്ളി, പാലിയം ഡച്ച് കൊട്ടാരം, പാലിയം നാലുകെട്ട്, പള്ളിപ്പുറം കോട്ട, വൈപ്പിൻകോട്ട സെമിനാരി, അബ്ദുൽ റഹ്മാൻ സാഹിബിന്റെ വീട്, കോട്ടയിൽ കോവിലകം, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം, തെരഞ്ഞെടുക്കപ്പെട്ട കോവിലകങ്ങൾ, ചേരമാൻ ജുമാ മസ്ജിദ്, ചേരമാൻ പറമ്പ്, ചേന്ദമംഗലം ജൂതപ്പള്ളി, തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം, കീഴ്ത്താലി ശിവക്ഷേത്രം, പട്ടണത്തും കോട്ടപ്പുറത്തുമുള്ള ഉൽഖനന കേന്ദ്രങ്ങൾ, സെന്റ് തോമസ് കോട്ടക്കടവ് ഫെറോന പള്ളി നോർത്ത് പറവൂർ, സെന്റ് തോമസ് സിറിയിൻ യാക്കോബൈറ്റ്സ് ചർച്ച് നോർത്ത് പറവൂർ, മൂകാംബിക ക്ഷേത്രം നോർത്ത് പറവൂർ, കേസരി ബാലകൃഷ്ണപിള്ളയുടെ വസതി നോർത്ത് പറവൂർ, പി. കേശവദേവിന്റെ വസതി നോർത്ത് പറവൂർ സഹോദരൻ അയ്യപ്പന്റെ ഭവനം, ചെറായി, പറവൂർ തമ്പുരാന്റെ വസതി നോർത്ത് പറവൂർ, തൃക്കണ്ണാ മതിലകം, ഇലവഞ്ചിക്കുളം, ബംഗ്ലാവ് കടവ്, പി.എ. സെയ്ദ് മുഹമ്മദ് സ്മാരകം, പതിനെട്ടരയാളം എടവിലങ്ങ്, അഴീക്കോട് മാർത്തോമാ പള്ളി, കോട്ടപ്പുറം ചന്ത എന്നിവിടങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന ചരിത്ര സ്മാരകങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും ക്ഷേത്രങ്ങളും.

(സി) നടപടി സ്വീകരിച്ചുകഴിഞ്ഞു.

(ഡി) 2009-10-ൽ 7.68 കോടി രൂപയും (ഏഴു കോടി അറുപത്തിയെട്ടു ലക്ഷം രൂപ) 2010-11-ൽ 10 കോടി രൂപയും (പത്തു കോടി) അനുവദിച്ചിട്ടുണ്ട്.

(ഇ) 40.52 കോടി രൂപ (നാൽപതു കോടി അൻപത്തിരണ്ടു ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ടൂറിസം, പുരാവസ്തു, ജലസേചനം, പൊതുമരാമത്ത്, വിദ്യാഭ്യാസം, സാംസ്കാരികം എന്നീ വകുപ്പുകളും, ഇൻഫർമേഷൻ കേരള മിഷൻ, സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ചരിത്ര ഗവേഷണ കൗൺസിൽ എന്നിവയും സഹകരിക്കുന്നുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ടം ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതാണ്.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

100 (1570) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ടൂറിസം മേഖലയിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ടൂറിസം മേഖലയിൽ കുന്ദമംഗലം മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) നിലവിൽ പദ്ധതികൾ ഒന്നും പരിഗണനയിലില്ല. എന്നാൽ പരിശോധിക്കാവുന്നതാണ്.

പാലക്കാട് നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

101 (1571) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പാലക്കാട് നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിനു കീഴിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കുമോ ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതികൾ ഏതൊക്കെ ഘട്ടങ്ങളിലാണ് എന്നറിയിക്കുമോ ?

ഉത്തരം

(എ) പാലക്കാട് നിയോജകമണ്ഡലത്തിൽ രാപ്പാടി ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ നവീകരണം, ഡി.ടി.പി.സി. ഓഫീസിന്റെ നവീകരണം, മണി അയ്യർ സ്മാരകത്തിന്റെ നവീകരണം എന്നിവയാണ് നടത്തിയത്.

(ബി) രാപ്പാടി പദ്ധതിക്കുവേണ്ടി 32.68 ലക്ഷം രൂപയും മണി അയ്യർ സ്മാരകത്തിന് 15 ലക്ഷം രൂപയും, ഡി.ടി.പി.സി. ഓഫീസിന് 15.81 ലക്ഷം രൂപയും ചെലവഴിച്ചു.

(സി) ഈ പദ്ധതികൾ എല്ലാംതന്നെ പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly